'ഭരണഭാഷ-മാതൃഭാഷ'

നമ്പർ എസ്3(ബി)- 213798/2020/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ജഗതി,
തിരുവനന്തപുരം - 14
തീയതി : 05/01/2021
ഫോൺ: 0471 2580545, 2580544,
E-mail: statistics.dge@kerala.gov.in

പ്രേഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്
വിദ്യാഭ്യാസ ഉപഡയറക്ടർ,
14 ജില്ലകൾക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം - വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ - വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 02/11/2020 ലെ സ.ഉ(അച്ചടി) നമ്പർ. 15/2020/പ്ലാനിംഗ്.
2. 21/12/2020 ലെ സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നുള്ള എസ്.പി.ബി/605/2020.ഡി.പി.ഡി നമ്പർ കത്ത്.

12/1/21

പ്രാദേശിക പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതികനേട്ടങ്ങളെയും കുറിച്ചുള്ള വിവരശേഖരണ പരിപാടി (വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ) സംഘടിപ്പിക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ സൂചന(1) പ്രകാരമുള്ള സർക്കാർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. 2015-16 മുതൽ 2019-20 വരെയുള്ള 5 വർഷക്കാലയളവിൽ, പ്രാദേശിക സർക്കാരുകൾ അവരുടെ വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കൈവരിച്ച ഭൗതിക നേട്ടങ്ങൾ ക്രോഡീകരിക്കുകയാണ് സർവ്വേയുടെ ഉദ്ദേശ്യം.

ഈ സർവ്വേയുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജീവനക്കാർക്ക്, ഓരോ മേഖലയിലേയും നടപ്പിലാക്കിയ പദ്ധതികളുടെ ഭൗതിക നേട്ടങ്ങളെ സംബന്ധിക്കുന്ന ആധികാരികമായ വിവരങ്ങൾ ചോദ്യാവലി അനുസരിച്ച് നൽകേണ്ടത് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്ന വകുപ്പിലെ ഉദ്യോഗസ്ഥരാണ്.

13/1/21

ആയതിനാൽ ടി സർവ്വേയുടെ കാര്യക്ഷമവും വിജയപ്രദവുമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാവിധ സഹകരണവും പൊതുവിദ്യാലയങ്ങളുടെ പ്രഥമാദ്ധ്യാപകരിൽ നിന്നും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഉണ്ടാകേണ്ടതുണ്ട്. സർവ്വേക്കായി നിയുക്തരായിട്ടുള്ള ജീവനക്കാർ ആവശ്യപ്പെടുന്ന വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്തി എത്രയും വേഗത്തിൽ ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പകർപ്പ്-
എല്ലാ ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും - മേൽ നടപടിക്കായി
എല്ലാ പ്രഥമാദ്ധ്യാപകർക്കും - മേൽ നടപടിക്കായി